REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **20-11-2024** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ ആദ്യമണിക്കൂറുകളിൽ പോളിങ് മന്ദഗതിയിൽ.**
- **ഝാർഖണ്ഡിൽ രാവിലെ 11 വരെ 31.37 ശതമാനവും, മഹാരാഷ്ട്രയിൽ 18.14 ശതമാനവും വോട്ട് രേഖപ്പെടുത്തി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, വൈകിട്ട് ഗയാന പ്രസിഡണ്ട് ഡോ. മുഹമ്മദ് ഇർഫാൻ അലിയുമായി കൂടിക്കാഴ്ച നടത്തും.**
- **55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം വൈകിട്ട് ആരംഭിക്കും.**
- **അർജന്റീന ഫുട്ബാൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി V അബ്ദുറഹിമാൻ.**
- **78-ാമത് സന്തോഷ് ട്രോഫി യോഗ്യതാ മത്സരത്തിൽ കോഴിക്കോട്ട് പുതുച്ചേരിക്ക് ആദ്യ ജയം.**

## വാർത്തകൾ വിശദമായി

**പാലക്കാട് ഉപതെരഞ്ഞെടുപ്പിന്റെ ആദ്യമണിക്കൂറുകളിൽ പോളിങ് മന്ദഗതിയിൽ. 12 മണി വരെ 30 ശതമാനത്തോളം പോളിംഗാണ് രേഖപ്പെടുത്തിയത്. എന്നാൽ പിന്നീട് ബൂത്തുകൾക്കു മുന്നിൽ വോട്ടർമാരുടെ നീണ്ട നിര പ്രകടമായതായി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത് റിപ്പോർട്ട് ചെയ്തു.**

**.....(വോയ്സ്).,....**

✪✪✪

**നിയമസഭാ തിരഞ്ഞെടുപ്പു നടക്കുന്ന ഝാർഖണ്ഡിൽ രാവിലെ 11 വരെ 31.37 ശതമാനവും, മഹാരാഷ്ട്രയിൽ 18.14 ശതമാനവും വോട്ട് രേഖപ്പെടുത്തി.**

**മഹാരാഷ്ട്രയിൽ ഒറ്റഘട്ടമായി നടത്തുന്ന വോട്ടെടുപ്പിൽ 288 സീറ്റുകളിലായി 4,136 പേരാണ് മത്സരരംഗത്ത്. 2,086 പേർ കക്ഷിരഹിത സ്ഥാനാർത്ഥികളാണ്.**

**രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ 12 ജില്ലകളിലെ 38 മണ്ഡലങ്ങളാണ് ഇന്ന് വിധി എഴുതുന്നത്. 528 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ മത്സരരംഗത്ത്.**

**രണ്ടിടത്തും വോട്ടെണ്ണൽ 23 ന് നടത്തും.**

✪✪✪

**പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ഗയാന പ്രസിഡണ്ട് ഡോ മുഹമ്മദ് ഇർഫാൻ അലിയുമായി കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങളും ഏതാനും കരാറുകളിൽ ഒപ്പു വെച്ചേക്കും- രാവിലെയാണ് പ്രധാനമന്ത്രി മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഗയാനയിലെത്തിയത്. വിമാനത്താവളത്തിൽ അദ്ദേഹത്തെ പ്രസിഡണ്ട് നേരിട്ടെത്തി സ്വീകരിച്ചു.**

**രണ്ടാമത് കാരിക്കോം ഇന്ത്യ ഉച്ചകോടിയിൽ ഇന്ന് പ്രധാനമന്ത്രി പങ്കെടുക്കും. നാളെ ഗയാന പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി അവിടുത്തെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും.**

✪✪✪

**ഗയാനയും ബാർബഡോസും പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് പരമോന്നത ബഹുമതികൾ നൽകാൻ തീരുമാനിച്ചു. ഗയാന ദ ഓർഡർ ഓഫ് എക്സലൻസ് ബഹുമതിയും, ബാർബഡോസ് ഓണററി ഓർഡർ ഓഫ് ഫ്രീഡം ഓഫ് ബാർബഡോസ് ബഹുമതിയുമായിരിക്കും നരേന്ദ്രമോദിയ്ക്ക് സമ്മാനിക്കുന്നത്. ഇതോടെ പ്രധാനമന്ത്രിക്ക് ലഭിക്കുന്ന രാജ്യാന്തര ബഹുമതികളുടെ എണ്ണം 19 ആയി.**

✪✪✪

**വിയറ്റ്നാമിലെ ലാവോസിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ചൈനീസ് വിദേശകാര്യമന്ത്രി ഡോങ് ജാനുമായി കൂടിക്കാഴ്ച നടത്തും. ആസിയാൻ രാജ്യരക്ഷാ മന്ത്രിമാരുടെ സമ്മേളനത്തിനിടെയായിരിക്കും**

കൂടിക്കാഴ്ച. യഥാർത്ഥ നിയന്ത്രണ രേഖയിലെ സൈനിക പിൻമാറ്റം സംബന്ധിച്ച ധാരണയായ ശേഷം ഇരുമന്ത്രിമാരും ആദ്യമായാണ് കൂടിക്കാഴ്ച നടത്തുന്നത്. കഴിഞ്ഞ ഏപ്രിലിൽ ആയിരുന്നു ഇതിനു മുൻപ് ഇവരുടെ കൂടിക്കാഴ്ച.

✪✪✪

ഐക്യരാഷ്ട്ര സംഘടന പ്രതിപാദിക്കുന്ന ചട്ടക്കൂടും പാരീസ് ഉടമ്പടിയും അനുസരിച്ച് കാലാവസ്ഥാ വ്യതിയാനത്തിനെതിരെ കൂട്ടായ പോരാട്ടം നടത്താൻ കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് എല്ലാ രാജ്യങ്ങളോടും ആഹ്വാനം ചെയ്തു. അസർബൈജാനിലെ ബാക്കുവിൽ UN കാലാവസ്ഥാ വ്യതിയാന സമ്മേളനമായ COP-29 ന്റെ ഉന്നതതല വിഭാഗത്തിൽ  ഇന്ത്യയുടെ പ്രസ്താവന നടത്തുകയായിരുന്നു സഹമന്ത്രി.

ആഗോള തലത്തിൽ സുസ്ഥിരമായ ജീവിത ശൈലികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ , മിഷൻ ലൈഫ്- ലൈഫ് സ്റ്റൈൽ ഫോർ എൻവയോൺമെന്റ് ആരംഭിച്ചിട്ടുണ്ടെന്നും കീർത്തി വർധൻ സിംഗ്  പറഞ്ഞു.

✪✪✪

ലോക മത്സ്യബന്ധന ദിനാചരണം കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് നാളെ ന്യൂഡൽഹിയിലെ സുഷമ സ്വരാജ് ഭവനിൽ ഉദ്ഘാടനം ചെയ്യും. “ഇന്ത്യയുടെ നീല പരിവർത്തനം: ചെറുകിട, സുസ്ഥിര മത്സ്യബന്ധനത്തെ ശക്തിപ്പെടുത്തൽ" എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം.  2014 മുതലാണ് നവംബർ 21 ലോക മത്സ്യബന്ധന ദിനമായി ആചരിക്കുന്നത്.

കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, S.P. സിംഗ് ബാഗേൽ ഉൾപ്പെടെ പ്രമുഖർ പങ്കെടുക്കും.

✪✪✪

ഡൽഹി തലസ്ഥാന നഗര മേഖലയിൽ വായു മലിനീകരണം ഉയർന്ന സാഹചര്യത്തിൽ ഗവണ്മെന്റ് ഓഫീസുകളിൽ വർക്ക് ഫ്രം ഹോം നടപ്പിലാക്കാൻ ഡൽഹി ഗവണ്മെന്റ് തീരുമാനിച്ചു. ഓഫീസുകളുടെ

സുഗമമായ പ്രവർത്തനം ചർച്ചചെയ്യാൻ ഇന്ന് ഉച്ചയ്ക്ക് സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥരുടെ യോഗം ചേരും.

✪✪✪

റിസർവ് ബാങ്ക് ചില നിക്ഷേപ പദ്ധതികൾ ആരംഭിക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നുണ്ടെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോകൾക്കെതിരെ RBI കർശന മുന്നറിയിപ്പ് നൽകി. റിസർവ് ബാങ്ക് ഗവർണറോ ഉദ്യോഗസ്ഥരോ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നില്ലെന്നും RBI വ്യക്തമാക്കി.

✪✪✪

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്നാരംഭിക്കും. പനാജിയിലെ ഡോ. ശ്യാമപ്രസാദ് മുഖർജി സ്റ്റേഡിയത്തിലെ ഉദ്ഘാടന ചടങ്ങിൽ അഭിഷേക് ബാനർജിയും, ഭൂമി പട്നേക്കറും ചേർന്ന് വൈകിട്ട് അഞ്ചിന് മേളയ്ക്ക് തുടക്കമിടും. ചടങ്ങിൽ പ്രസാർഭാരതിയുടെ OTT പ്ലാറ്റ്ഫോം അവതരിപ്പിയ്ക്കും.

ഈ വർഷത്തെ ചലച്ചിത്രോത്സവത്തിൽ ഓസ്ട്രേലിയൻ ചിത്രങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്.

തൊണ്ണൂറുകളിലെ ഹിറ്റായ ഇന്ത്യൻ ചലച്ചിത്ര നൃത്ത -ദൃശ്യങ്ങൾ ഉൾപ്പെടുത്തിയ പ്രത്യേക പരിപാടി മറ്റൊരു പ്രധാന ആകർഷണമായിരിക്കും. ചലച്ചിത്ര ലോകത്തെ അതുല്യ പ്രതിഭകളായ രാജ്കപൂർ, തപൻസിൻഹ, അക്കിനേനി നാഗേശ്വരറാവു, മുഹമ്മദ് റഫി എന്നിവരുടെ ദൃശ്യ-സംഗീത- ഗാന വിസ്മയം 'ടൈംലെസ് സോൾസ് ' ഇതോടൊപ്പം അവതരിപ്പിക്കും.

മൈക്കേൽ ഗ്രേസിയുടെ 'ബെറ്റർമാൻ' ഉച്ചയ്ക്ക് രണ്ടിന് ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കും. ചലച്ചിത്രമേളയുടെ ഉദ്ഘാടന ചടങ്ങ് ആംഗ്യഭാഷയിലും ഇത്തവണ അവതരിപ്പിക്കും.

81 രാജ്യങ്ങളിലെ 180 ഓളം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. AR റഹ്മാൻ, R മാധവൻ, രാകുൽ പ്രീത് സിംഗ്, പങ്കജ് കപൂർ തുടങ്ങിയ പ്രമുഖരുടെ പങ്കാളിത്തം മേളയെ പുതിയൊരു തലത്തിലേക്ക് ഉയർത്തും.

✪✪✪

തീരപ്രദേശത്തെ സാമൂഹ്യ പുരോഗതിക്കും മത്സ്യത്തൊഴിലാളികളുടെ വളർച്ചയ്ക്കും ഊന്നൽ നൽകുന്ന സമഗ്രവും സർവ്വതലസ്പർശിയുമായ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകാൻ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ അംഗീകാരം പ്രചോദനം നൽകുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേന്ദ്ര ഫിഷറീസ് മന്ത്രാലയം, കേരളത്തെ തിരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് ഫേസ്ബുക്കിൽ പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രത്തിനും, കണ്ണൂർ പിണറായി സ്പെഷ്യാലിറ്റി ആശുപത്രിക്കും 53 കോടി രൂപയുടെ നബാർഡ് ധനസഹായത്തിന് ഭരണാനുമതി നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തെ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കാൻ ആദ്യ ഘട്ടമായി 28 കോടി രൂപ ലഭിക്കും. പിണറായി സ്പെഷ്യാലിറ്റി ആശുപത്രിക്ക് രണ്ടാം ഘട്ടമായി 25 കോടി രൂപയും നൽകും.

✪✪✪

തൊണ്ടിമുതൽ കൃത്രിമ കേസിൽ മുൻ മന്ത്രി ആന്റണി രാജു വിചാരണ നേരിടണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. കേസിൽ പുനരന്വേഷണത്തിന് എതിരെ നൽകിയ ഹർജി തള്ളിയാണ് സുപ്രീം കോടതി ഉത്തരവ്. ആന്റണി രാജുവടക്കം പ്രതികൾ അടുത്തമാസം 20 നു വിചാരണകോടതിയിൽ ഹാജരാകണമെന്നും, ഒരു വർഷത്തിനകം വിചാരണ പൂർത്തിയാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു. 34 വർഷം മുമ്പാണ് കേസിനാസ്പദമായ സംഭവം. മയക്കുമരുന്നുമായി പിടികൂടിയ വിദേശപൗരന്റെ തൊണ്ടിയായ അടിവസ്ത്രം വെട്ടിച്ചെറുതാക്കി അയാളെ കേസിൽ നിന്ന് രക്ഷപ്പെടുത്തി എന്നാണ് ആരോപണം.

✪✪✪

അർജന്റീന ഫുട്ബാൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. മെസ്സി ഉൾപ്പെടെയാകും ടീം എത്തുക. അർജന്റീന ടീം കൊച്ചിയിൽ പ്രദർശന മത്സരം നടത്തുമെന്നും മന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി. ഇത് സംബന്ധിച്ച് ടീമുമായി ചർച്ച നടത്തി. ഒന്നര മാസത്തിനുള്ളിൽ ടീം ഒഫീഷ്യൽസ് കേരളത്തിൽ വരും. തുടർന്ന് ഔദ്യോഗിക തീരുമാനം

അർജന്റീന ടീമും, ഗവൺമെന്റും സംയുക്തമായി പ്രഖ്യാപിക്കും. 100 കോടിയോളം രൂപ ഇതിനായി ചെലവ് വരും. ഇത് കേരളത്തിലെ വ്യാപാര സമൂഹം വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പൂർണ നിയന്ത്രണത്തിലാകും മത്സരം നടത്തുകയെന്നും മന്ത്രി അറിയിച്ചു.

✪✪✪

78-ാമത് സന്തോഷ് ട്രോഫി യോഗ്യതാ മത്സരത്തിൽ പുതുച്ചേരിക്ക് ആദ്യ ജയം. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലെ ആദ്യ മത്സരത്തിൽ ലക്ഷദ്വീപിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് പുതുച്ചേരി പരാജയപ്പെടുത്തിയത്.

വൈകിട്ട് മൂന്നിന് ആതിഥേയരായ കേരളം റെയിൽവെസിനെ നേരിടും. ലക്ഷദ്വീപ്, പുതുചേരി, റെയിൽവെയ്സ് എന്നിവർക്കൊപ്പം ഗ്രൂപ്പ് H ലാണ് കേരളം.

✪✪✪

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ, പുരുഷ ഡബിൾസിൽ ഇന്ന് ഇന്ത്യയുടെ പ്രീമിയർ ജോഡികളായ ചിരാഗ് ഷെട്ടിയും സാത്വിക് സായ്‌രാജ് റാങ്കിറെഡ്ഡിയും മത്സരിക്കും.

ഇന്നലെ ഇന്ത്യയുടെ അനുപമ ഉപാധ്യായ, ചൈനയുടെ ബെയ്‌വെൻ ഷാങ്ങിനെ ആദ്യ റൗണ്ടിൽ പരാജയപ്പെടുത്തി. മിക്സഡ് ഡബിൾസിൽ സുമീത് റെഡ്ഡി- സിക്കി റെഡ്ഡി സഖ്യം -U.S സഖ്യത്തെയും തോൽപ്പിച്ചു.

✪✪✪

ഏഷ്യൻ ഹോക്കി വനിതാ ചാമ്പ്യൻസ് ട്രോഫി 2024 ന്റെ ഫൈനലിൽ ഇന്ത്യ, ഇന്ന് ചൈനയെ നേരിടും. ഇന്നലെ സെമിയിൽ ജപ്പാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിലെത്തിയത്. വൈകിട്ട് 4.45 ന് ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലാണ് ഫൈനൽ മത്സരം.

ഉച്ചയ്ക്ക് 2.15 ന് വെങ്കല മെഡൽ ജേതാക്കളെ കണ്ടെത്താൻ മലേഷ്യ, ജപ്പാനെ നേരിടും.

✪✪✪

ജയിൽ ജീവനക്കാരുടെ രണ്ടാമത് ഉത്തര മേഖല സ്പോർട്സ് മീറ്റ് നാളെ കണ്ണൂരിൽ ആരംഭിക്കും. മീറ്റിന്റെ ഭാഗമായ ദീപ ശിഖ പ്രയാണം

വൈകിട്ട് ജയിൽ നോർത്ത് സോൺ DIG ബി സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം പരേഡ് ഗ്രൗണ്ടിലെ മീറ്റിൽ, പാലക്കാട് മുതൽ കാസർഗോഡ് വരെ ജില്ലകളിലെ 500 ഓളം ജീവനക്കാർ പങ്കെടുക്കും. മാനസിക സംഘർഷം അനുഭവിക്കുന്ന ജയിൽ ജീവനക്കാർക്ക് ആരോഗ്യപൂർണമായ മനസും ശരീരവും വാർത്തെടുക്കുക എന്നതാണ് മൂന്ന് ദിവസത്തെ മേളയുടെ ഉദ്ദേശ്യം.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച പ്രതിഭകളെ നാളെ കാസർകോട് ജില്ലാ പഞ്ചായത്ത് ആദരിക്കും. ദേശീയ റെക്കോഡ് ഉൾപ്പെടെ 129 മെഡലുകളാണ് ജില്ലയ്ക്ക് ലഭിച്ചത്. ചടങ്ങ് രാജ്മോഹൻ ഉണ്ണിത്താൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവത്തിന് തുടക്കമായി. സാഹിത്യകാരൻ ബെന്യാമിൻ ഉദ്ഘാടനം ചെയ്യും. മേയർ ബീനാ ഫിലിപ്പ്, MP മാരായ MK രാഘവൻ, ഷാഫി പറമ്പിൽ, PT ഉഷ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

20 വേദികളിലായാണ് മത്സരങ്ങൾ. 319 ഇനങ്ങളിലായി 8000 ത്തോളം മത്സരാർത്ഥികൾ മേളയിൽ പങ്കെടുക്കും.

✪✪✪

രാജ്യത്തെ ആദ്യ 24 X 7 ഓൺലൈൻ കോടതി ഇന്ന് കൊല്ലത്ത് പ്രവർത്തനം ആരംഭിക്കും. പൂർണമായി കടലാസ് രഹിതമായ കോടതി 24 മണിക്കൂറും പ്രവർത്തനനിരതമായിരിക്കും.

സുപ്രീകോടതിയുടെ E - കോടതി നയത്തിന്റെ ഭാഗമായാണ് മുഴുവൻസമയ കോടതി കൊല്ലത്ത് യാഥാർത്ഥ്യമാകുന്നത്. വണ്ടിച്ചെക്ക് കേസുകളായിരിക്കും കോടതി പരിഗണിക്കുന്നത്.

✪✪✪

കടൽ ഭീകരാക്രമണം തടയുന്നതിന് നാവികസേനയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സുരക്ഷാ ഏജൻസികളുടെ C- വിജിൽ - 24 ഇന്നും നാളെയും കേരള - ലക്ഷദ്വീപ് തീരപ്രദേശങ്ങളിൽ നടത്തും. തീരപ്രദേശങ്ങളിലെ ഭീകരാക്രമണ പ്രതിരോധ സന്നദ്ധത ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ്

**പരിപാടി. കേന്ദ്ര ഗവൺമെന്റിന്റെ ആറ് മന്ത്രാലയങ്ങളും, 21 ഓളം സംഘടനകളും പരിപാടിയിൽ പങ്കുചേരും.**

**✪✪✪**